LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ

11 (2249) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിലൂടെ അതിലടങ്ങിയിരിക്കുന്ന മെർക്കുറി വായുവിലും വെള്ളത്തിലും കലർന്ന് ഉണ്ടാകുന്ന പരിസരമലിനീകരണം തടയുന്നതിനായി ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള രൂപരേഖ എനർജി മാനേജ്മെന്റ് സെന്റർ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉപയോഗശൂന്യമായ - സി.എഫ്.എൽ.-കൾ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കുള്ള വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 3 മാസത്തിനകം റിപ്പോർട്ട് നൽകണം എന്ന വ്യവസ്ഥയോടെ അനുമതി നൽകിയിട്ടുണ്ട്. പഠന സംബന്ധമായ പുരോഗതി റിപ്പോർട്ടുകൾ ഇ.എം.സി.-യിൽ സമർപ്പിച്ചിട്ടുണ്ട്. മഴ കാരണം ഫീൽഡ് സർവ്വേ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതുകൊണ്ട് അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ കൂടുതൽ സമയം അനുവദിക്കണമെന്ന ഐ.ആർ.ജി. സിസ്റ്റംസിന്റെ അപേക്ഷ പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2014 ഡിസംബർ 27 വരെ സമയം നൽകിയിട്ടുണ്ട്.

പുതിയ വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

12 (2250) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പുതിയ വൈദ്യുതി ഉൽപ്പാദന പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 36.06 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 8 പുതിയ പദ്ധതികളിൽ നിന്നും 85.07 മില്യൺ യൂണിറ്റ് പ്രതിവർഷം വൈദ്യുതി ഉൽപ്പാദനം നടന്നു വരുന്നു. ഇതിനു പുറമേ 2 പുനരുദ്ധാരണ പദ്ധതികളും പൂർത്തീകരിച്ചവയിൽ ഉൾപ്പെടുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

നമ്പർ	സ്റ്റേഷന്റെ പേര്	സ്ഥാപിത ശേഷി (മെഗാവാട്ട്)	വാർഷിക ഉൽപ്പാദന ശേഷി (MU)
1	റാന്നി - പെരിനാട് ചെറുകിട ജലവൈദ്യുത പദ്ധതി	4	16.73
2	ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി (IPP)	1.5	3.94
3	പീച്ചി ചെറുകിട ജലവൈദ്യുതപദ്ധതി	1.25	3.21
4	പാമ്പുകയം (മാങ്കുളം) മിനി ജലവൈദ്യുത പദ്ധതി (IPP)	0.11	0.29
5	കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (IPP)	10.5	27.6
6	അഗളി വിന്റ് ഫാം (IPP)	1.2	2.3
7	മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി (IPP)	3	8.37
8	വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി	7.5	22.63
9	പൊരിങ്ങൽകുത്ത് (പുനരുദ്ധാരണം)	2	
10	ശബരിഗിരി (പുനരുദ്ധാരണം)	5	
	ആകെ	36.06	85.07